പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1953 25.03.2013-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## മരണത്തിലെ ദുരൂഹത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

(എ) മലപ്പുറം ജില്ലയിലെ തലക്കടത്തൂർ സുലൈമാൻ പടി സ്വദേശി മുളിയാട്ടിൽ മുഹമ്മദ് മൊഹിൻദ്ദീൻ എന്നയാൾ വിദേശത്ത് വച്ച് മരണപ്പെട്ടുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജക്കാർത്തയിലെ ഇന്ത്യൻ എംബസി ഇക്കാര്യം സ്ഥിരീകരിക്കാത്തതിനാൽ ദുരൂഹത നിലനിൽക്കുന്ന കാര്യം അറിയാമോ;

(സി) ദുരൂഹത അകറ്റി കുടുംബത്തിന്റെ മാനസിക പ്രയാസങ്ങൾ ദൂരീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

(എ), (ബി) & (സി) ഇത്തരത്തിലുള്ള വാർത്ത പത്രമാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷിച്ചതിൽ നിന്നും മുഹമ്മദ് മൊഹിൻദ്ദീൻ എന്നയാൾ യു. എ യിൽ ഹജറ എന്ന സ്ഥലത്ത് സ്വന്തമായി കട നടത്തി വരവെ കടയുടെ മുൻവശം ഉള്ള അറബിയുടെ ഇന്തോനേഷ്യൻ പൗരത്വമുള്ള ആലീഷ എന്ന ജോലിക്കാരിയുമായി സ്നേഹത്തിലാവുകയും പ്രസ്തുത സംഭവം അറബി അറിയാൻ ഇടയായപ്പോൾ 28.12.12 ന് മൊഹീൻദ്ദീൻ നാട്ടിലെത്തുകയും പിന്നീട് അറബി ഇന്തോനേഷ്യക്കാരിയെ അവരുടെ നാട്ടിലേയ്ക്ക് കയറ്റി വിട്ടതറിഞ്ഞ് മൊഹിൻദ്ദീൻ ഇന്തോനേഷ്യയിലെ ജക്കാർത്തയിലെത്തുകയും ആലീഷയുമായി ഫോണിൽ ബന്ധപ്പെട്ട് നേരിൽ കാണുകയും ചെയ്തിട്ടുള്ളതാണ്. തന്റെ വീട്ടിലേയ്ക്ക് മൊഹിൻദ്ദീനെ കൂട്ടികൊണ്ടുപോകുവാൻ പറ്റില്ലായെന്ന് പറഞ്ഞ് ജക്കാർത്തയിലുള്ള ഒരു ഓട്ടോകൺസൾട്ടന്റുമായി

ബന്ധപ്പെടുത്തി മൊഹിനുദ്ദീന്
ആലീഷ ഒരു ജോലിതരപ്പെടുത്തി
കൊടുക്കുകയും
പാസ്പോർട്ടൊഴികെയുള്ള മറ്റെല്ലാ
സാധനങ്ങളും ആലീഷ കൊണ്ട്
പോകുകയും ചെയ്തിട്ടുള്ളതാണ്.
ആലീഷയുമായി പിന്നീട് ഫോണിൽ
ബന്ധപ്പെടാൻ സാധിക്കാതെ
വന്നതിനാൽ മൊഹിനുദ്ദീൻ പ്രസ്തുത
സംഭവത്തെപ്പറ്റി ജ്യേഷ്ഠനെ
ഫോണിലൂടെ അറിയിക്കുകയും
ജക്കാർത്തയിലെ മലയാളി സമാജം
വഴി ബന്ധപ്പെട്ട് ഒരാളെ
പരിചയപ്പെടുകയും അയാൾ
മുഖാന്തിരം നാട്ടിലേയ്ക്ക് വരുവാനുള്ള
ഏർപ്പാടുകൾ ചെയ്യുകയും ജക്കാർത്ത
പോലീസുമായി ബന്ധപ്പെട്ടുള്ള
നടപടിക്രമങ്ങൾ പൂർത്തിയാക്കി
ഇന്തോനേഷ്യയിൽ നിന്നും
തിരുവനന്തപുരത്തെത്തുകയും
തുടർന്ന് 25.3.2013 ന്
തലക്കട്ടുത്തുള്ള സ്വന്തം
വസതിയിൽ എത്തിയിട്ടുള്ളതുമാണ്.
തന്നെ പരേതനായി
ചിത്രീകരിച്ചുകൊണ്ടു വന്ന
വാർത്തയെകുറിച്ച് മൊഹിനുദ്ദീന്
യാതൊരു അറിവും ഇല്ലായെന്നും
വെളിവായിട്ടുള്ളതാണ്.

M. [signature]

സെക്ഷൻ ഓഫീസർ